LIBRARY ARCHIVES Kerala Legislative Assembly

ആലത്തൂർ നിയോജകമണ്ഡലത്തിലെ ദേശീയ തൊഴിലുറപ്പ് പദ്ധതി

17 (3300) ശ്രീ. എം. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ തൊഴിലുറപ്പ പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം ആലത്തൂർ നിയോജകമണ്ഡലം പരിധിയിൽ എത്ര പുതിയ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു ;

(ബി) എത്ര പേർക്ക് ഈ കാലയളവിൽ തൊഴിൽ ലഭിച്ചു ; ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ; എത്ര തുക വേതനമായി നൽകി ;

(സി) വേതന കുടിശ്ശിക നിലവിലുണ്ടോ ;

(ഡി) ഈ സാമ്പത്തിക വർഷത്തെ തൊഴിലുറപ്പു പ്രവർത്തിയിലൂടെ Asset Creation (കിണർ, കുളം, തോട് എന്നിവയുടെ പുനർനിർമ്മാണം) എന്തെങ്കിലും നടന്നിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം നാളിതുവരെ, ആലത്തൂർ നിയോജകമണ്ഡലം പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ ആകെ 161326 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ, 40648 പേർക്ക് തൊഴിൽ ലഭിച്ചു. ശരാശരി 22 തൊഴിൽ ദിനങ്ങൾ ലഭിച്ചു. 338.77 ലക്ഷം രൂപ വേതനമായി നൽകി.

(സി) ഉണ്ട്.

(ഡി) ഈ സാമ്പത്തിക വർഷം, തൊഴിലുറപ്പ് പദ്ധതിയിൽ കിണർ, കുളം, തോട് എന്നിവയുടെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള ആസ്തി നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.